**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1230** **18-01-2021 - ൽ മറുപടിയ്ക്ക്**

**അങ്കമാലി-ശബരി റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | 1997-98 ലെ കേന്ദ്ര റെയിൽവേ ബജറ്റിൽ പ്രഖ്യാപിച്ച അങ്കമാലി-ശബരി റയിൽ പദ്ധതി 23 വർഷം കഴിഞ്ഞിട്ടും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് വസ്തുതയല്ലേ; | (എ) | 1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച അങ്കമാലി - ശബരി റെയിൽ പദ്ധതി പൂർണമായും റെയിൽവേ നടപ്പിലാക്കുന്ന പദ്ധതിയായിട്ടാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഈ പദ്ധതിയ്ക്കാവശ്യമായ ഭൂമിയുടെ വിലയിൽ ഉണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുതരുന്നതിനുള്ള സന്നദ്ധതയും നിർമ്മാണ ചെലവിന്റെ 50% ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്ന മുറയ്ക്ക് ഈ പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിക്കുകയുണ്ടായി. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഈ പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും 1997-98 ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപോലെ റെയിൽവേ വഹിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിക്കുകയുണ്ടായി. കൂടാതെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കങ്ങളും, ജനങ്ങളുടെ എതിർപ്പും കാരണം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുവാൻ സാധിക്കാതെയും വന്നു. |
| (ബി) | പദ്ധതിയുടെ നിലവിലെ അടങ്കൽ തുക എത്ര കോടി രൂപയാണെന്ന് അറിയിക്കുമോ; ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പദ്ധതിയ്ക്കായി ഇനി എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്ന് അറിയിക്കുമോ; | (ബി) | അങ്കമാലി - ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. 517 കോടി രൂപ ചിലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതിയുടെ പുതുക്കിയ ചിലവ് 2815 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. അങ്കമാലി - ശബരി റെയിൽ പദ്ധതിയ്ക്കായി എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇതിനായി റവന്യൂ വകുപ്പ് രണ്ട് സ്പെഷ്യൽ തഹസിൽദാർമാർ ഉൾപ്പെട്ട രണ്ട് ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായി കാലടി വരെയുള്ള 24.4 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. അങ്കമാലി-ശബരി സെക്ടറിലെ കാലടി റെയിൽവേ |

| | | | |
|---|---|---|---|
| | | | സ്റ്റേഷന്റെയും പ്ലാറ്റ്ഫോമിന്റെയും നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പെരുമ്പാവൂർ, കുവപ്പടി, വെങ്ങൂർ വെസ്റ്റ്, അശമാന്നൂർ, രായമംഗലം, ചേലാമറ്റം എന്നീ വില്ലേജുകളിലെ 40.40.08 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള SIA പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എരമല്ലൂർ, മുളവൂർ, വെള്ളൂർകുന്നം, മൂവാറ്റുപുഴ, കോതമംഗലം, മാഞ്ഞല്ലൂർ എന്നീ വില്ലേജുകളിലെ 87.23.40 ഹെക്ടർ ഭൂമിയുടെ SIA പഠനം നടത്തുന്നതിലേക്കായി ഏറ്റെടുക്കേണ്ടുന്ന ഭൂമിയുടെ അതിരുകല്ല് സ്ഥാപിക്കേണ്ടതായിട്ടുണ്ട്. കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റെയിൽപാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ കടന്നുപോകുന്നു. രാമപുരം - എരുമേലി ഭാഗത്തെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റു വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വെ നടപടികൾ റെയിൽവെ അധികൃതർ സ്വീകരിച്ചുവന്നിരുന്നു. എന്നാൽ റെയിൽവേ ബോർഡിന്റെ നിർദ്ദേശ പ്രകാരം ഈ പദ്ധതി നിലവിൽ മരവിപ്പിച്ചിരിക്കുന്നതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (സി) | രാമപുരം-എരുമേലി ഭാഗത്ത് അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കം പരിഹരിച്ചിട്ടുണ്ടോ; | (സി) | അങ്കമാലി - ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. 517 കോടി രൂപ ചിലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതിയുടെ പുതുക്കിയ ചിലവ് 2815 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. അങ്കമാലി - ശബരി റെയിൽ പദ്ധതിയ്ക്കായി എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇതിനായി റവന്യൂ വകുപ്പ് രണ്ട് സ്പെഷ്യൽ തഹസിൽദാർമാർ ഉൾപ്പെട്ട രണ്ട് ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായി കാലടി വരെയുള്ള 24.4 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. അങ്കമാലി-ശബരി സെക്ടറിലെ കാലടി റെയിൽവേ സ്റ്റേഷന്റെയും പ്ലാറ്റ്ഫോമിന്റെയും നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പെരുമ്പാവൂർ, കുവപ്പടി, വെങ്ങൂർ വെസ്റ്റ്, അശമാന്നൂർ, രായമംഗലം, ചേലാമറ്റം എന്നീ വില്ലേജുകളിലെ 40.40.08 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള SIA പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എരമല്ലൂർ, മുളവൂർ, വെള്ളൂർകുന്നം, മൂവാറ്റുപുഴ, കോതമംഗലം, മാഞ്ഞല്ലൂർ എന്നീ വില്ലേജുകളിലെ 87.23.40 ഹെക്ടർ ഭൂമിയുടെ |

| | | | |
|---|---|---|---|
| | | | SIA പഠനം നടത്തുന്നതിലേക്കായി ഏറ്റെടുക്കേണ്ടുന്ന ഭൂമിയുടെ അതിരുകല്ല് സ്ഥാപിക്കേണ്ടതായിട്ടുണ്ട്. കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റെയിൽപാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ കടന്നുപോകുന്നു. രാമപുരം - എരുമേലി ഭാഗത്തെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റു വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വെ നടപടികൾ റെയിൽവെ അധികൃതർ സ്വീകരിച്ചുവന്നിരുന്നു. എന്നാൽ റെയിൽവേ ബോർഡിന്റെ നിർദ്ദേശ പ്രകാരം ഈ പദ്ധതി നിലവിൽ മരവിപ്പിച്ചിരിക്കുന്നതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഡി) | ശബരി പാതയുടെ നിർമ്മാണ ചെലവിന്റെ 50 ശതമാനം സംസ്ഥാനം ഏറ്റെടുക്കണമെന്നും ഭൂമി സൗജന്യമായി വിട്ടുകൊടുക്കണമെന്നും കേന്ദ്ര റെയിൽവേ മന്ത്രാലയം നിബന്ധന മുന്നോട്ട് വച്ചിട്ടുണ്ടോ; ഇതിന്മേലുള്ള സംസ്ഥാനസർക്കാരിന്റെ പ്രതികരണം എന്താണെന്ന് അറിയിക്കുമോ? | (ഡി) | ഈ പദ്ധതി ആവിഷ്കരിച്ച വേളയിലോ പ്രഖ്യാപന സമയത്തോ പദ്ധതി വിഹിതത്തിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമൊന്നോ ആവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കണമൊന്നോ ഉള്ള നിർദ്ദേശങ്ങൾ ഇല്ലായിരുന്നു. എന്നാൽ നിർമ്മാണ ചെലവ് 50:50 അനുപാതത്തിൽ സംസ്ഥാനവും കേന്ദ്രവും വഹിക്കണമെന്ന റെയിൽവേയുടെ ആവശ്യം പരിഗണിച്ച് ആകെ പദ്ധതി ചെലവിന്റെ (2815 കോടി രൂപ) സംസ്ഥാന വിഹിതമായ 50% വ്യവസ്ഥകൾക്ക് വിധേയമായി കിഫ്ബി മുഖേന വഹിക്കുന്നതാണെന്ന തീരുമാനം 07.01.2021 ലെ സ.ഉ(കൈ) നം. 1/2021/ഗതാ ഉത്തരവ് പ്രകാരം കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ